LIBRARY ARCHIVES Kerala Legislative Assembly

ട്രാംവേ റെയിൽവേ പൈതൃക മ്യൂസിയം

41 (2869) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ ട്രാംവേ റെയിൽവേ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ട്രാംവേയുടെ അവശിഷ്ടങ്ങൾ റിസർവ് വനമേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ചാലക്കുടി ആസ്ഥാനമാക്കി "ട്രാംവേ റെയിൽ പൈതൃക മ്യൂസിയം" സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാർ

42 (2870) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ ആകെ എത്ര ഡ്രൈവർമാർ ജോലിചെയ്യുന്നുവെന്ന് അറിയിക്കുമോ; ഇവരിൽ എത്രപേർ സ്ഥിരവും എത്രപേർ താല്ക്കാലികവുമാണെന്നു അറിയിക്കുമോ;

(ബി) പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാർക്ക് മറ്റ് വകുപ്പുകളിലെ ഡ്രൈവർമാർക്ക് നൽകുന്ന പ്രമോഷൻ സാധ്യതകൾ ഇല്ലാത്തതിന്റെ കാരണം അറിയിക്കുമോ; ഫസ്റ്റ് ഗ്രേഡ് ഡ്രൈവേഴ്സിന്റെ എത്ര ശതമാനത്തിനാണ് ക്ലറിക്കൽ തസ്തികയിലേയ്ക്ക് കൺവർട്ട് ചെയ്യുവാൻ അനുവാദമുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ സെക്കൻറ് ഗ്രേഡ് ഡ്രൈവർമാർ ഫസ്റ്റ് ഗ്രേഡ് ആകുമ്പോൾ ക്ലറിക്കൽ തസ്തികയിലേയ്ക്ക് പ്രമോഷൻ ലഭിക്കാത്തവിധം അർഹതാലിസ്റ്റിൽ നിന്നും പുറത്താക്കുന്നത് എന്തു കാരണത്താലാണെന്ന് അറിയിക്കുമോ; മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ മാത്രം ഇത്തരം സാഹചര്യം നിലനിൽക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ലറിക്കൽ തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതായ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാരുടെ അർഹതാലിസ്റ്റിൽ ഒരിക്കൽ ഉൾപ്പെട്ടവർ പുറത്തുള്ളപ്പെടാതിരിക്കാനും ലിസ്റ്റിൽ വന്ന എല്ലാവർക്കും ക്ലറിക്കൽ തസ്തികയിലേയ്ക്ക് മാറ്റം ലഭിക്കാനും അവസരം നൽകുമോ; ആരോഗ്യ വകുപ്പിലടക്കം മറ്റ് പല വകുപ്പുകളിലും ഇത്തരത്തിലുള്ള തസ്തികമാറ്റം ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഡ്രൈവർമാർക്കും ലഭിക്കുമ്പോൾ പ്ലാനിംഗിലെ ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർക്കും ഇപ്രകാരമുള്ള അവസരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ ആകെ 12 ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 7 പേർ സ്ഥിരം ജീവനക്കാരും 4 പേർ ദിവസവേതനക്കാരും ഒരാൾ കരാർ ജീവനക്കാരനുമാണ്.

(ബി & സി) മറ്റ് വകുപ്പുകളിൽ ഉള്ളതുപോലെ ഡ്രൈവർമാർക്ക് റേഷ്യോ പ്രമോഷനും കൂടാതെ 3-1-2014-ലെ ജി.ഒ. (പി) നമ്പർ 1/2014/ഉപഭവ. ഉത്തരവു പ്രകാരം തസ്തികമാറ്റംവഴി എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പൊതു സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം നൽകുന്നുണ്ട്.

ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാരെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർ എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉള്ളതിനേക്കാൾ ഉയർന്ന ശമ്പളസ്കെയിലിൽ ജോലിചെയ്യുന്നവരായതിനാലാണ് ഇപ്രകാരം അവരെ ഉൾപ്പെടുത്താത്തത്. 3-1-2014-ലെ ഉത്തരവിന്റെ 4-ാം ഖണ്ഡിക പ്രകാരം എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിൽ ഉള്ളവർക്കാണ് തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം നൽകേണ്ടത്. ഉയർന്ന ശമ്പളസ്കെയിലിൽ ശമ്പളം വാങ്ങുന്നവരെ താഴ്ന്ന സ്കെയിലിൽ നിയമിക്കുന്നത് സ്ഥാനക്കയറ്റത്തിനുപകരം സ്ഥാനനഷ്ടത്തിന് ഇടയാക്കുന്നു. അതിനാൽ ഡ്രൈവർ ഗ്രേഡ് 1-നെ സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) ഒരിക്കൽ ലിസ്റ്റിൽ ഉൾപ്പെട്ട ആരും പുറംതള്ളപ്പെടില്ല. ക്ലറിക്കൽ തസ്തികയിലേക്ക് പരിഗണിക്കപ്പെടേണ്ടവരുടെ സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ഡ്രൈവവർമാർ ഉൾപ്പെടെയുള്ളവർക്ക് ഒഴിവുവരുന്നമുറയ്ക്ക് എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly